**Web: www.kdrb.kerala.gov.in**

**07/2022**

# KERALA DEVASWOM RECRUITMENT BOARD

## Examination Programme for the month of September 2022

<table>
<tr><th>Sl No.</th><th>Date and Time</th><th>Name of Post, Devaswom and Syllabus</th><th>Category Number</th></tr>
<tr><td>1</td><td>2</td><td>3</td><td>4</td></tr>
<tr><td>1</td><td>18.09.2022<br>Sunday<br><br>01.30 PM *<br>to 03.15 PM</td><td>ലോവർ ഡിവിഷൻ ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫിസർ ഗ്രേഡ് ii<br>Lower Division Clerk/Sub Group Officer Grade II<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡ്<br>Travancore Devaswom Board<br><br><u>സിലബസ്</u><br><br><u>നിഷ്കർഷിത വിദ്യാഭ്യാസ യോഗ്യതയെ അടിസ്ഥാനമാക്കിയുള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷ (ഒ.എം.ആർ മൂല്യ നിർണ്ണയം)</u><br><br><u>Syllabus</u>: An Objective Type Test (OMR Valuation) based on the qualifications prescribed for the post.<br><br><u>പ്രധാന വിഷയങ്ങൾ</u><br><br><u>Main Topics</u><br><br>പാർട്ട് I – പൊതുവിജ്ഞാനവും ആനുകാലികവും<br>General Knowledge, Current Affairs<br><br>പാർട്ട് II – ഗണിതം, മാനസികശേഷി, യുക്തിചിന്ത, ക്ലറിക്കൽ അഭിരുചി<br>Mathematics, Mental Ability, Test of Reasoning, Clerical ability<br><br>പാർട്ട് III – ജനറൽ ഇംഗ്ലീഷ്<br>General English<br><br>പാർട്ട് IV – പ്രാദേശിക ഭാഷ – മലയാളം/തമിഴ്/കന്നട<br>Regional Languages – Malayalam/Tamil/Kannada<br><br>പാർട്ട് V – ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം<br>Physics, Chemistry, Biology</td><td>08/2022<br><br>Detailed Syllabus based on the main topics is available in the website.<br><br>പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശദമായ സിലബസ് വെബ്സൈറ്റിൽ ലഭ്യമാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | പാർട്ട് VI – അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം<br>Basic Computer Knowledge<br><br>പാർട്ട് VII – ക്ഷേത്രകാര്യങ്ങൾ, ഹൈന്ദവ സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, ഹൈന്ദവ പുണ്യ ഗ്രന്ഥങ്ങൾ, വിവിധ ദേവസ്വം ബോർഡുകൾ മുതലായവ.<br>Temple Affairs, Hindu Culture and Custom, Holy Books of Hinduism, Various Devaswom Boards etc.<br><br>**പരമാവധി മാർക്ക് –100**<br>**പരീക്ഷാ സമയം – 1 മണിക്കൂർ 15 മിനിട്ട്**<br>**ചോദ്യഭാഷ – മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നട**<br><br>**Maximum Marks – 100**<br>**Duration – 1 hour 15 minutes**<br>**Medium of Questions – Malayalam/English/Tamil/Kannada** | |
| | | **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഉദ്യോഗാർത്ഥികൾക്ക് 27.08.2022 മുതൽ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.**<br><br>**Candidates can download the Admission Tickets through their One Time Registration Profile in the Website www.kdrb.kerala.gov.in from 27.08.2022** | |
| | **കുറിപ്പ് 1** | പ്രധാന വിഷയങ്ങളിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾക്ക് പുറമെ ഈ തസ്തികയുടെ യോഗ്യതയുമായി ബന്ധപ്പെട്ട മറ്റ് ചോദ്യങ്ങളും ഉണ്ടാകാം. കൂടാതെ പ്രധാന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ വിഷയങ്ങളേയും അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർബന്ധവുമില്ല.<br><br>Note 1 :- It may be noted that apart from the Main Topics in the Syllabus referred to in the Examination Programme, questions from other topics related to the qualifications prescribed for the post may also appear in the question paper. There is no undertaking that all the topics mentioned under the sub head “ Main Topics” may covered in the question paper. | |
| | **കുറിപ്പ് 2** | പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിന് പുറമെ അവരുടെ ഫോട്ടോ പതിച്ച താഴെപ്പറയുന്ന ഏതെങ്കിലും രേഖയുടെ അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>1) ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്<br>2) ഡ്രൈവിംഗ് ലൈസൻസ്<br>3) പാസ് പോർട്ട്<br>4) ഭിന്നശേഷിക്കാർക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ്<br>5) ദേശസാൽകൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്സ്ബുക്ക്<br>6) സർക്കാർ ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന വകുപ്പ്/ സ്ഥാപനം നൽകുന്ന ഫോട്ടോ പതിച്ച് തിരിച്ചറിയൽ കാർഡ്<br>7) വിമുക്ത ഭടൻമാർക്ക് നൽകുന്ന ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ | |

| | | | |
|---|---|---|---|
| | | വിമുക്ത ഭടൻമാർക്ക് സൈനിക വെൽഫയർ ആഫീസർ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്.<br>8) മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്<br>9) സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക്/ഷെഡ്യൂൾഡ് ബാങ്ക് എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്സ്ബുക്ക്.<br>10) പൊതുമേഖലാ സ്ഥാപനങ്ങളിൽ (വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ/ബോർഡുകൾ/അതോറിറ്റികൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ) എന്നിവ അവരുടെ ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്.<br>11) കേരളത്തിലെ സർവ്വകലാശാലകൾ അവരുടെ ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br>12) ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ബോർഡുകൾ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br>13) അഡ്വക്കേറ്റുമാരായി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്<br>14) ആധാർ കാർഡ്<br>15) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച നൽകുന്ന ഏതെങ്കിലും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br><br>Note 2 :- In addition to the Admission Tickets, **candidates have to produce the original** of any one of the following documents to prove their identity at the time of examination viz. 1) Voters Identity Card issued by Election Commission 2) Driving License 3) Passport 4) Identity Card issued by Social Justice Department to Differently abled persons 5) Photo affixed pass book issued by Nationalized Banks 6) ID Card issued to Government Employees by the Departments / Institutions concerned 7) Discharge Certificate issued to the Ex-servicemen/Photo affixed ID card issued to the Ex-servicemen by the Zilla Sainik Welfare Officer 8) Conductor License issued by Motor Vehicles Department 9) Photo affixed pass book issued by Scheduled Banks / Kerala State Co-operative Bank / District Co-operative Banks 10) Photo affixed Identity Card issued by Public Sector Undertakings (various companies/ corporations/ boards/ authority)/ Govt. autonomous institutions to their employees 11) Photo affixed Identity Card issued by the Universities in Kerala state to its employees 12) Photo affixed Medical Certificate issued by Medical Board to Differently abled candidates 13) Photo affixed Identity Card issued by Bar Council to those who are enrolled as Advocates 14) AADHAR Card issued by the Central Government 15) Any other document approved by the Kerala Devaswom Recruitment Board and included in the Admission Ticket. | |
| | | **തിരിച്ചറിയൽ രേഖയുടെ അസ്സൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**<br><br>**Candidates who fail to produce original identity proof will not be permitted to attend the examination.** | |
| | **കുറിപ്പ് 3** | ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പരീക്ഷ സമയത്തിന് മുൻപ് തന്നെ പരീക്ഷ ഹാളിൽ അവർക്ക് അനുവദിച്ചിട്ടുള്ള ഇരിപ്പിടത്ത് ഹാജരാകേണ്ടതാണ്. താമസിച്ച് | |

| | | | |
|---|---|---|---|
| | | വരുന്നവരെ യാതൊരു കാരണവശാലും പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.<br><br>Note 3 :- Candidates shall occupy the seats allotted to them in the examination hall before the time specified in the admission ticket. **Late comers will not be admitted to the examination.** | |
| | **കുറിപ്പ് 4** | കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, പെൻ ഡ്രൈവ്, ഇലക്ട്രോണിക് പെൻ, സ്കാനർ, ക്യാമറ പെൻ, ഹെൽത്ത് ബാന്റ്, ബ്ലൂടൂത്ത്, ഇയർഫോൺ, മൈക്രോഫോൺ, പേജർ തുടങ്ങിയ വിവര വിനിമയത്തിനുള്ള ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കർശനമായി നിരോധിച്ചിരിക്കുന്നു. പരീക്ഷാ സമയത്ത് അനുചിതമായ പെരുമാറ്റം നടത്തുകയോ നടത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെയും, വാച്ച്, റിസ്റ്റ് വാച്ച്, സ്മാർട്ട് വാച്ച്, ക്യാമറാവാച്ച് തുടങ്ങി വിവര വിനിമയത്തിനായുള്ള ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഏതെങ്കിലും പരീക്ഷാഹാളിൽ കൈവശം വയ്ക്കുന്ന ഉദ്യോഗാർത്ഥികളെയും പരീക്ഷാഹാളിൽ നിന്നും ഉടനടി പുറത്താക്കുന്നതാണ്, അത്തരക്കാരുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കുകയോ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന തെരഞ്ഞെടുപ്പ് നടപടികളിൽ ഹാജരാകുന്നതിൽ നിന്നും താത്ക്കാലികമായി/സ്ഥിരമായി അയോഗ്യത കല്പിക്കുകയും ചെയ്യുന്നതാണ്.<br><br>Note 4 :- Candidates shall not bring with them Watch/wrist watch, smart watch, camera watch or any other electronic/communication devices such as Mobile Phone, Digital diary, Pendrive, Calculator, Electronic Pen, Scanner, Camera Pen, Health band, Bluetooth, Earphone, Microphone, Pager etc. into the Examination Hall. Any infringement of this instruction will result in the immediate ejection of the candidate from the Examination Hall and subsequent invalidation of the answer script/permanent disqualification of the candidate from applying to the post notified by the Kerala Devaswom Recruitment Board. | |
| | **കുറിപ്പ് 5** | പരീക്ഷാ തീയതി, സമയം, പരീക്ഷാ കേന്ദ്രം, പരീക്ഷാ രീതി എന്നിവ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കും.<br><br>Note 5 :- The Date, Time, Venue and mode of Examination will also be mentioned in the Admission Ticket. | |
| | **കുറിപ്പ് 6** | എഴുത്തു പരീക്ഷ (Descriptive Type Test), ട്രാൻസ്ക്രിപ്ഷൻ ടെസ്റ്റ് (Transcription Test) എന്നിവ ഒഴികെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എല്ലാ ഒബ്ജക്ടീവ് മാതൃകയിലുള്ള (ഒ.എം.ആർ മൂല്യ നിർണ്ണയം) പരീക്ഷകളുടെയും താത്ക്കാലിക ഉത്തരസൂചിക പരീക്ഷാനന്തരം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്. | |

| | | | |
|---|---|---|---|
| | | താത്ക്കാലിക ഉത്തരസൂചിക സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം ആയത് താത്ക്കാലിക ഉത്തരസൂചിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.<br><br>Note 6 :- After each examination, except Written Test and Transcription Test Kerala Devaswom Recruitment Board will publish the provisional answer key of all Objective type (OMR valuation) Tests in the official website of KDRB (www.kdrb.kerala.gov.in). The candidates having any complaints regarding the provisional answer key can submit their complaints of the provisional answer key within 7 days from the date of publication of the provisional answer key in the official website of Kerala Devaswom Recruitment Board. Complaints on Provisional Answer Key received after the last date prescribed will not be entertained. | |

Thiruvananthapuram
18.07.2022

**B. Krishna Chandran**
**Controller of Examinations**
**Kerala Devaswom Recruitment Board**

***പരീക്ഷാ സമയത്തിന്റെ ആദ്യ 30 മിനിട്ട് പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റും തിരിച്ചറിയൽ രേഖയുടെ അസ്സലും പരിശോധിക്കുന്നതിനു വേണ്ടിയാണ്.**

***Examination time includes half an hour as preparation time for the verification of admission tickets and Original ID proof of the candidates appearing for the examination.**